റോഡ്, ഭവനനിർമ്മാണം എന്നിവയ്ക്ക് പൊതുമാനദണ്ഡം

133 [339] ശ്രീ. ഇ. പത്മനാഭൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് സാമൂഹ്യ വികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എൻ.ആർ.ഇ.പി., ആർ.എൽ.ഇ.ജി.പി., പരിപാടികളനുസരിച്ച് റോഡ്, ഭവനനിർമ്മാണം എന്നിവയ്ക്ക് എന്തെങ്കിലും പൊതുമാനദണ്ഡം നിർദ്ദേശിച്ചിട്ടുണ്ടോ;

(ബി) സാമ്പത്തികവും സാമൂഹ്യവുമായ പിന്നോക്കാവസ്ഥയിലുള്ള ജനങ്ങൾ അധിവസിക്കുന്ന പഞ്ചായത്തുകൾക്ക് എന്തെങ്കിലും മുൻഗണന നൽകുന്നുണ്ടോ;

(സി) പാലക്കാട് വികസന ബ്ലോക്കിൽ കേരളശ്ശേരി പഞ്ചായത്തിൽ എൻ.ആർ.ഇ.പി. യിലും ആർ.എൻ.ഇ.ജി.പി.യിലും എത്ര വീടുകളും റോഡുകളും കഴിഞ്ഞ രണ്ടുവർഷമായി പണി ചെയ്തിട്ടുണ്ട്?

ഉത്തരം

(എ, ബി) ഉണ്ട്.

(സി) വിവരം ശേഖരിച്ചുവരുന്നു.

ഏണിക്കര–നെടുമ്പാറ–കല്ലയം റോഡ്

134 [341] ശ്രീ. കെ.വി. സുരേന്ദ്രനാഥ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സാമൂഹ്യവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെടുമങ്ങാടു വികസന ബ്ലോക്കിന്റെ കീഴിലുള്ളതും കരകുളം പഞ്ചായത്തിൽ വരുന്നതുമായ ഏണിക്കര–നെടുമ്പാറ–കല്ലയം റോഡ് എൻ.ആർ.ഇ.പി. സ്കീമിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ;

(ബി) ഈ റോഡിന്റെ മൊത്തം എസ്റ്റിമേറ്റ് എത്ര രൂപയാണ്;

(സി) ഈ റോഡിന്റെ പണി അടിയന്തിരമായി ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) 1983–84 ലെ ഷെൽഫ് ഓഫ് പ്രോജക്ടിൽ ഉൾപ്പെടുത്തിയിരുന്നു.

(ബി) 16 ലക്ഷം രൂപ.

(സി) ഫണ്ടിന്റെ അഭാവം മൂലവും 1985–86-ലെ ഷെൽഫിൽ ചേർത്തിട്ടില്ലാത്തതുകൊണ്ടും ഈ പണി ആരംഭിക്കാൻ നിർവ്വാഹമില്ല.

കരകുളം പഞ്ചായത്തിൽ എൻ.ആർ.ഇ.പി. സ്കീമിൽ ഉൾപ്പെടുത്തിയിട്ടുള്ള റോഡുകൾ

135 [342] ശ്രീ. കെ.വി. സുരേന്ദ്രനാഥ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സാമൂഹ്യവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെടുമങ്ങാട് വികസന ബ്ലോക്കിൽ ഉൾപ്പെട്ട കരകുളം പഞ്ചായത്തിൽ എൻ.ആർ.ഇ.പി. സ്കീമിൽ ഉൾപ്പെടുത്തിയിട്ടുള്ള എത്ര റോഡുകൾക്ക് ഭരണാനുമതി നൽകുവാനുണ്ട്;

LIBRARY ARCHIVES Kerala Legislative Assembly